

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on*
## Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

കൈത്താ അഞ്ചാം ഞായർ

2023
ആഗസ്റ്റ് 13



# കാഴ്ചയുടെ വീതി

ഏശ 28:14-22 2 കോറി 12:14-21, ലൂക്ക 16:19-31

മനുഷ്യർക്ക് മാത്രം സാധിക്കുന്ന ചില കാര്യങ്ങളുണ്ട്. സാധാരണ ചിന്തയിൽ നിന്ന് ഒരല്പം ഉയർന്ന്, സാധാരണ പ്രവൃത്തിയിൽ നിന്ന് ഒരല്പം ഉയർന്ന്, മനുഷ്യനു തന്റെ സാഹചര്യങ്ങളോട് മെച്ചപ്പെട്ട നിലയിൽ പ്രതികരിക്കാനാവും.

നമ്മുടെ വീട്ടിൽ വെള്ളം കയറാൻ ഒരു സാധ്യതയും ഇല്ലെങ്കിലും കടുത്ത മഴ തുടർച്ചയായി പെയ്യുമ്പോൾ നമുക്ക് നേരിൽ പരിചയമില്ലാത്ത മനുഷ്യർക്ക് എവിടെയെങ്കിലും ഈ മഴവെള്ളം കുഴപ്പം ഉണ്ടാക്കുമോ എന്ന് നമ്മുടെ മനസ്സിൽ ചിന്ത ഉണരും. നാം അതിനെ മനുഷത്വം എന്ന് വിളിക്കും.

ശരിയിൽ നിന്ന് കൂടുതൽ നല്ല ശരിയിലേക്കാണ് യേശു നമ്മളെ നയിക്കാൻ ശ്രമിക്കുന്നത്.

മോശ വഴി കിട്ടിയ ഒരു പലകയിൽ കുറെ കാര്യങ്ങൾ ഉണ്ട്. അത് അനുസരിച്ചാൽ മതി, അപ്പോൾ നല്ലവൻ ആകും എന്നായിരുന്നു യഹൂദ ചിന്ത. ഒട്ടനേകം നിയമങ്ങൾ അതിന്റെ കൂടെ ചേർത്തെഴുതിയിട്ടും യഹൂദർക്ക് എല്ലാ മനുഷ്യരെയും കണ്ണിൽ പെട്ടില്ല, പലതും അവർ കേട്ടില്ല. കുളക്കരയിൽ കിടന്ന് സഹായം ചോദിച്ച് നിലവിളിച്ച വനെയും ദേവാലയത്തിന്റെ പുറകിലും പുറത്തും നിന്ന ദുർബലരെയും ആ യഹൂദ പ്രമാണിമാർ കണ്ടില്ല, കേട്ടില്ല. അതിൽ അവർക്ക് തെറ്റ് തോന്നിയില്ല, കാരണം എഴുതപ്പെട്ട നിയമങ്ങളിൽ അതൊന്നും പറഞ്ഞിട്ടില്ല, ചെയ്യാതെ പോകുന്ന നന്മകൾ ഗൗരമായി ദൈവത്തിന്റെ കണക്കിൽ പാപമായി തന്നെ എഴുതപ്പെടുന്നുണ്ട് എന്ന് അവർ തിരിച്ചറിഞ്ഞിരുന്നില്ല.



അഡ്വ. ലിറ്റോ പാലത്തിങ്കൽ

## എഴുതപ്പെടാത്ത നിയമങ്ങൾ

അവിടെയാണ് യേശു എഴുതാത്ത നിയമങ്ങളെ ഉപമകളിലൂടെ ഉറക്കെ വായിക്കുന്നത്. സാബത്തിൽ രോഗശാന്തി തേടിയ മഹോദരരോഗിയും കാണാതായ ഒരാടും ധൂർത്തപുത്രനും നീതിരഹിതനായ കാര്യസ്ഥനും എല്ലാം ഈ സുവിശേഷഭാഗത്തിന് തൊട്ടുമുമ്പിൽ ഇതേ ആശയം പറയുന്നുണ്ട്. മനുഷ്യന്റെ മനസ്സ് എത്രമാത്രം വിശാലമാക്കാം, വീതിയും നീളവും കൂട്ടാം, എങ്ങിനെ കൂടുതൽ കൂടുതൽ പേരെ ഉൾകൊള്ളാൻ കഴിയും വിധം മൃദുവാക്കാം, കരുണയുള്ളതാക്കാം, സഹാനുഭൂതി ഉള്ളതാക്കാം എന്നതിന്റെ വിശദീകരണങ്ങൾ ആണ് ഇവരെല്ലാം. അതിന് യേശു മാതൃകയായി എടുക്കുന്നത് തന്റെ പിതാവിന്റെ മനസ്സിലെ കരുണയുടെ വിശാലതയാണ്. ആ സ്വർഗ്ഗീയ ഭവനത്തിന്റെ വാതിൽ ഒരേ സമയം വീതിയുള്ളതും അതെ സമയം ഇടുങ്ങിയതുമാണ്. എഴുതി വായിക്കപ്പെടുന്ന നിയമങ്ങളെക്കാൾ കരുണയുടെ ആ വാതിലിന് വീതിയുണ്ട്. ആ വീതി നമ്മുടെ മനസ്സിനും വേണം. നമ്മുടെ മനസ്സിന്റെ വീതിയേ നമുക്കും ലഭിക്കാൻ വിധിനാളിൽ അർഹതയുള്ളൂ. ആ വിധിയിൽ വിജയിക്കുവാനുള്ള ചോദ്യക്കടലാസ് യേശു നമുക്ക് തന്നിട്ടുണ്ട്. ആ തിരിച്ചറിവ് നമ്മിൽ ഉണ്ടാകണം എന്നാണ് യേശു ഈ ഉപമകളിൽ വ്യക്തമാക്കുന്നത്. കണ്ണ് തുറന്നിരുന്നാലും അടച്ചിരുന്നാലും നമ്മുടെ വീട്ടിൽ സംഭവിക്കുന്നത് നാം അറിയും, മനസ്സിലാക്കും, അത് മനുഷ്യന് ഉള്ള സിദ്ധിയാണ്. നമ്മുടെ താല്പര്യം കൊണ്ടും ശ്രദ്ധ കൊണ്ടും ജാഗ്രത കൊണ്ടും ആണ് നമുക്ക തു



സാധിക്കുന്നത്. ആ താല്പര്യത്തിൽ, ശ്രദ്ധയിൽ, ജാഗ്രതയിൽ, അങ്ങിനെ നാം മനസ്സിൽ സൂക്ഷിക്കുന്ന നമ്മുടെ പ്രിയപെട്ടവരുടെ ലിസ്റ്റിൽ വേറെ ചിലരെ ഉൾപ്പെടുത്തണം എന്നാണ് യേശു ആവശ്യപ്പെടുന്നത്. അവരെ തേടി ഇറങ്ങാൻ നിനക്ക് ഉത്തരവാദിത്തമുണ്ട് എന്നാണ് യേശു പറയുന്നത്.

### ലാസർ ഒരു ചോദ്യം

ലാസറിനെ ധനവാൻ കാണുന്നുണ്ട്. ദിവസവും കണ്ടിട്ടും പക്ഷെ ലാസറിനെ ധനവാൻ തന്റെ കാഴ്ചയിൽ ഉൾപ്പെടുത്തിയില്ല എന്നതാണ് പ്രശ്നം. നമ്മുടെ കണ്ണിന് എത്ര ചെറുതും എത്ര വലുതും എത്ര അടുത്തും എത്ര അകലെയും കാണാനാകും, കാഴ്ചയെ ചെറുതാക്കാനാവും, വലുതാക്കാനാകും. അത് പോലെയാണ് നമ്മുടെ കാഴ്ച്ചപ്പാടുകളും. എത്ര പേരെ വേണമെങ്കിലും അതിൽ ഉൾപെടുത്താനാകും, ഒഴിവാക്കാനാകുമാകും. അങ്ങിനെ നിങ്ങളെക്കാൾ ദുർബലരെയും സാധുക്കളെയും കാഴ്ചയിൽ ഉൾപ്പെടുത്തും വിധം നിന്റെ കാഴ്ചയും കേൾവിയും വിശാലമാക്കിയില്ലെങ്കിൽ അത് പാപമാണ് എന്നാണ് യേശു പറയുന്നത് .

ലാസറിനെ ഉൾകൊള്ളാൻ നിനക്കും നിന്റെ കുടുംബത്തിനും നിന്റെ വീടിനും കഴിയുന്നില്ലെങ്കിൽ അത് ഗൗരവമായ ഒരു തെറ്റായി, വീഴ്ചയായി മാറും എന്നത് നമ്മിൽ അറിവിനപ്പുറം തിരിച്ചറിവായോ എന്ന് നാം സ്വയം പരിശോധിക്കണം . കരുണയും ഉപവിയും ഔദാര്യമല്ല, കടമയാണ് എന്ന് ഈ ഉപമയിൽ വ്യക്തമല്ലേ? നിന്റെ അലമാരയിൽ ഉപയോഗിക്കാതിരിക്കുന്ന വസ്ത്രങ്ങളും നിന്റെ ഫ്രിഡ്ജിൽ ഇരിക്കുന്ന ഭക്ഷണവും സത്യത്തിൽ ആരുടേതാണ്, ആർക്കുള്ളതാണ്, എന്തേ നീ അത് അർഹിക്കുന്നവർക്ക് നൽകാത്തത്? ആ ചോദ്യം ചോദിയ്ക്കാൻ അവ നിനക്ക് തന്ന ദൈവത്തിന് അധികാരമില്ലേ? അങ്ങിനെ ഒരു ചോദ്യം എന്റെ മരണശേഷം എന്നോട് ചോദിക്കപ്പെടും എന്ന് ജീവിച്ചിരിക്കുമ്പോൾ ഞാൻ തിരിച്ചറിയേണ്ടതല്ലേ? ആ ചോദ്യത്തിന്റെ പേരാണ് ലാസർ. ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com